Draft #2 of File 167514/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 12-Nov-2022 08:59 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അഡിഷണൽ ഡിഗ്രി, റഗുലറിൽ നിന്നും പ്രൈവറ്റായി മാറുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് regular or supplementary ഏതാണോ ആദ്യം നടക്കുന്ന പരീക്ഷ, ആയത് എഴുതുവാനുള്ള അവസരം നൽകാൻ അനുവദിച്ച, 22.10.2019 തീയതിയിലെ സ. ഉ. നം. 5099/AC A3/2019/എം.ജി.യു ൽ ഭേദഗതി വരുത്തി - ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 3 സെക്ഷൻ**

നമ്പർ. 11571/AC A 3/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.11.2022

---

*പരാമർശം:*-1. 22.10.2019 തീയതിയിലെ സ. ഉ. നം. 5099/AC A3/2019/ എം.ജി.യു

2. 22/10/2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 102/22.08/54790/EG1-3/2022

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2019 - 20 പ്രവേശന വർഷം മുതൽ യു. ജി. Non Full Course-ന് രണ്ടു സെമസ്റ്ററുകൾ ഒരുമിച്ച് വാർഷികാടിസ്ഥാനത്തിൽ പരീക്ഷകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 പ്രവേശന വർഷം മുതൽ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് സെമസ്റ്റർ രീതിയിൽ പരീക്ഷ നടത്തുവാൻ തീരുമാനമായതിനാൽ 2017, 2018 പ്രവേശന വർഷത്തെ വിദ്യാർത്ഥികളുടെ സപ്ലിമെന്ററി പരീക്ഷകൾ മാത്രമാണ് വാർഷികാടിസ്ഥാനത്തിൽ നടന്നുവരുന്നത്.

എന്നാൽ അഡിഷണൽ ഡിഗ്രിക്ക് അപേക്ഷിച്ച 2020 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് 2017, 2018 അഡ്മിഷൻ വിദ്യാർത്ഥികളുടെ സപ്ലിമെന്ററി പരീക്ഷക്കൊപ്പം രജിസ്ട്രേഷൻ നൽകുവാൻ സാങ്കേതികമായി സാധിക്കുന്നില്ല എന്ന് പരീക്ഷാ വിഭാഗം അറിയിക്കുകയും, ആയതിനാൽ പരാമർശം (1) ൽ ഭേദഗതി വരുത്തി അഡിഷണൽ ഡിഗ്രി/റെഗുലറിൽ നിന്നും പ്രൈവറ്റിലേക്കു മാറുന്ന വിദ്യാർത്ഥികൾ എന്നിവർക്ക് regular or supplementary ഏതാണോ ആദ്യം നടക്കുന്ന പരീക്ഷ, ആയത് എഴുതുവാനുള്ള അവസരം നൽകുവാനുള്ള നിർദേശം സമർപ്പിക്കുകയും ചെയ്തു.

ബഹു. വൈസ് ചാൻസലറുടെ 20/09/2022 തീയതിയിലെ ഉത്തരവ് പ്രകാരം ടി. നിർദ്ദേശം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 22.10.2022 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടു .

22.10.2019 തീയതിയിലെ സ.ഉ.നം 5099/AC A3/2019/ എം.ജി.യു - ൽ നമ്പർ സർവ്വകലാശാല ഉത്തരവിൽ ഭേദഗതി വരുത്തി, അഡിഷണൽ ഡിഗ്രി റഗുലറിൽ നിന്നും പ്രൈവറ്റായി മാറുന്ന വിദ്യാർത്ഥികൾക്ക്, regular or supplementary ഏതാണോ ആദ്യം

നടക്കുന്ന പരീക്ഷ ആയത് എഴുതുവാനുള്ള അവസരം നൽകുന്നതിന് തീരുമാനിച്ചു.

Regular പരീക്ഷയാണ് ആദ്യം നടക്കുന്നത് എങ്കിൽ റെഗുലർ ചാൻസിൽ എഴുതുന്ന വിദ്യാർത്ഥികൾക്ക്, ആയതു അവരുടെ റെഗുലർ ചാൻസ് ആയി പരിഗണിക്കുന്നതിനും, Supplementary ചാൻസ് ആണെങ്കിൽ, ആയതു അവരുടെ സപ്ലിമെന്ററി ചാൻസ് ആയി പരിഗണിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

Supplementary പരീക്ഷയാണ് ആദ്യം നടക്കുന്നതെങ്കിൽ റെഗുലർ ചാൻസിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക്, ആയത് അവരുടെ റെഗുലർ ചാൻസ് ആയി പരിഗണിക്കുന്നതിനും, Supplementary ചാൻസ് ആണെങ്കിൽ ആയതു അവരുടെ സപ്ലിമെന്ററി ചാൻസ് ആയി പരിഗണിച്ച് തദനുസരണം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

തദനുസരണം പരാമർശം (1) പ്രകാരമുള്ള ഉത്തരവ്, ഭേദഗതി വരുത്തി, ഉത്തരവ് പുറപ്പെടുവിക്കുന്നു .

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ / പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. SDE ഡയറക്ടർ ഇൻ ചാർജ്
4. എ ആർ II,III (അക്കാഡമിക് )/ ഡി ആർ II(അക്കാഡമിക് )/ ജെ ആർ II (ഭരണം)
5. എ ആർ IV, X/ഡി ആർ III / ജെ ആർ III (പരീക്ഷ വിഭാഗം)
6. എ ആർ (പ്രൈവറ്റ് രജിസ്ട്രേഷൻ )
7. എസ് എസ് 1, എസ് എസ് 2 സെക്ഷനുകൾ
8. ഇ ജി I/II/III/IV/V സെക്ഷനുകൾ/ എ സി എ9 സെക്ഷൻ
9. ഇ ഇ I/II/III സെക്ഷനുകൾ/ പി ആർ I/II/III/IV/VI സെക്ഷനുകൾ
10. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ റെക്കോർഡ്സ് സെക്ഷൻ
11. ഐ ക്യു എ സി/ സിസ്റ്റം മാനേജർ/ CETEX/ IT Cell
12. കരുതൽ ഫയൽ/ ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 167514/AC A3-3/2022/AC A 3 Approved by ASSISTANT REGISTRAR II (ACADEMIC) on 12-Nov-2022 08:59 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം